# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 6930 10.07.2014-ൽ മറുപടിയ്ക്ക്**

**പുന്നപ്ര ഡോ. അംബേദ്കർ മെമ്മോറിയൽ**
**മോഡൽ റസിഡൻഷ്യൽ സ്കൂൾ**

**ചോദ്യം** | **ഉത്തരം**

**ശ്രീ. ജി. സുധാകരൻ**

**ശ്രീ. എ.പി. അനിൽകുമാർ**
**(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)**

**ചോദ്യം (എ)** പുന്നപ്ര ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഏതെല്ലാം ക്ലാസ്സുകളാണ് നടത്തുന്നതെന്നും ഓരോ ക്ലാസ്സിലും എത്ര കുട്ടികൾ വീതം പഠിക്കുന്നുവെന്നും ഇതിൽ പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ മറ്റിതര സമുദായക്കാർ എന്നിവർ എത്ര വീതം എന്നുമുള്ള വിവരങ്ങൾ വ്യക്തമാക്കുമോ;

**ഉത്തരം (എ)** പുന്നപ്ര ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ 5 മുതൽ +2 വരെയുള്ള ക്ലാസ്സുകളാണ് ഉള്ളത്.

| ക്ലാസ്സ് | ആകെ സീറ്റുകളുടെ എണ്ണം | പഠിക്കുന്ന കുട്ടികളുടെ എണ്ണം | | |
|---|---|---|---|---|
| | | പട്ടികജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ |
| 5 | 35 | 16 | 4 | 3 |
| 6 | 35 | 18 | 11 | 3 |
| 7 | 35 | 22 | 6 | 3 |
| 8 | 35 | 23 | 7 | 3 |
| 9 | 35 | 24 | 7 | 3 |
| 10 | 35 | 27 | 5 | 3 |
| +1 | 35 | - | - | - |
| +2 | 35 | 22 | 9 | 4 |
| ആകെ | 280 | 152 | 49 | 22 |

+1 ക്ലാസ്സുകളിലേക്കുള്ള പ്രവേശന നടപടി പൂർത്തിയായിട്ടില്ല.

**ചോദ്യം (ബി)** എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി വിഭാഗങ്ങളിൽ കഴിഞ്ഞവർഷം ഈ സ്കൂളിന്റെ വിജയശതമാനം എത്രയായിരുന്നുവെന്ന് അറിയിക്കാമോ;

**ഉത്തരം (ബി)** എസ്.എസ്.എൽ.സി -100%

ഹയർസെക്കന്ററി -85.7%

**ചോദ്യം (സി)** സ്കൂളിൽ നിന്നും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം കുട്ടികളാണ് കൊഴിഞ്ഞു പോകുന്നതെന്നും ഇത് തടയാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

**ഉത്തരം (സി)** ഉണ്ട്. 2014-15 ൽ ആകെയുള്ള 277 കുട്ടികളിൽ 7 പേർ മറ്റ് സ്കൂളുകളിലേക്ക് പോയിട്ടുണ്ട് (2.5%). ഈ കുട്ടികൾ സ്ഥാപനം വിട്ടതിനുള്ള കാരണം അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

| | | | |
|---|---|---|---|
| (ഡി) | സ്കൂളിൽ ആകെ അനുവദനീയമായ അധ്യാപക, അനധ്യാപക തസ്തികകളെത്രയെന്നും നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുവെന്നും എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കുമോ; ഒഴിവുള്ള തസ്തികകളിൽ നിയമനത്തിനായി അടിയന്തിര നടപടി സ്വീകരിക്കാമോ; | (ഡി) | ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗങ്ങളിലായി ആകെ 26 അധ്യാപക തസ്തികകൾ ഉണ്ട്. ഇതിൽ 24 സ്ഥിരം അധ്യാപകർ ജോലി ചെയ്യുന്നുണ്ട്. ഒഴിവുകൾ പൊതുവിദ്യാഭ്യാസ/ഹയർസെക്കന്ററി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അടിയന്തിര നടപടി എന്ന നിലയിൽ ഒഴിവുള്ള തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>14 അനധ്യാപക തസ്തികകളുണ്ട്. ഇതിൽ വാർഡന്റെ ഒരു തസ്തികയും രണ്ട് കുക്ക് തസ്തികയും ഒഴിഞ്ഞു കിടക്കുന്നു. ടി ഒഴിവുകൾ പി.എസ്.സി. വഴി നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കോൺട്രാക്ട് വ്യവസ്ഥയിൽ കുക്കുമാരെ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |
| (ഇ) | മെച്ചപ്പെട്ട വിജയശതമാനം നിലനിർത്തുന്ന ഈ സ്കൂളിൽ ഒരു ആഡിറ്റോറിയം നിർമ്മിക്കാൻ ആവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; | (ഇ) | നിലവിൽ ഉള്ള സ്റ്റേജിനോട് ചേർന്ന് ഫൈബർ റൂഫിംഗോടുകൂടിയ ആഡിറ്റോറിയം നിർമ്മിക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (എഫ്) | രാത്രി കാലങ്ങളിൽ അസുഖം ബാധിക്കുന്ന വിദ്യാർത്ഥികളെ ആശുപത്രിയിലെത്തിക്കാൻ വാഹന സൗകര്യം ലഭ്യമല്ലാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഈ സ്കൂളിന് സ്വന്തമായി ഒരു വാഹനം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | അടിയന്തിര ഘട്ടങ്ങളിൽ വാഹനസൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

Sali K.J

**സെക്ഷൻ ആഫീസർ**